## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5601** **13-08-2021 - ൽ മറുപടിയ്ക്ക്**

## നദികളെ വിഷവിമുക്തമാക്കുന്നതിനായി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നദികളെ വിഷവിമുക്തമാക്കുന്നതിനായി ജലവിഭവ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ? | (എ) | നദികളിൽ എത്തിച്ചേരുന്ന വ്യാവസായിക മാലിന്യങ്ങൾ കാർഷിക മേഖലയിലെ അമിത രാസവള പ്രയോഗം /രാസകീടനാശിനി പ്രയോഗം മൂലമുണ്ടാകുന്ന മലിനീകരണം, മാലിന്യ നിക്ഷേപം തുടങ്ങിയവ നദീജലം വിഷമയമാക്കിതീർക്കുന്നു. ഇവ നിയന്ത്രിക്കുന്ന നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞാൽ നദീജല ഗുണനിലവാരം വർദ്ധിപ്പിക്കാൻ കഴിയും. നദികൾ വിഷവിമുക്തമാക്കുന്നതിന് നദീതടത്തിലാകെ വിവിധ ഇടപെടലുകൾ ആവശ്യമാണ്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നദികളിലേയ്ക്ക് ഒഴുകിയെത്തുന്ന ചെറുതോടുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ ശുചിയാക്കിയിട്ടുണ്ട്. കൂടാതെ ജനപങ്കാളിത്തത്തോടെയും ജലസേചനവകുപ്പിന്റെ സാങ്കേതിക സഹായത്തോടുകൂടിയും ചുവടെ ചേർക്കുന്ന ചെറുനദികൾ ശുചിയാക്കുന്നതിനായി കഴിഞ്ഞിട്ടുണ്ട്. നദികൾ ജില്ല വരട്ടാർ ആലപ്പുഴ-പത്തനംതിട്ട കാനാമ്പുഴയാർ കണ്ണൂർ കുട്ടമ്പേരൂർ ആലപ്പുഴ കിള്ളിയാർ തിരുവനന്തപുരം പള്ളിക്കലാർ കൊല്ലം കൂടാതെ ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 673/2018- ന്മേലുള്ള ഉത്തരവ് പ്രകാരം സംസ്ഥാനത്തെ മലിനീകരിക്കപ്പെട്ട 21 നദീഭാഗങ്ങൾ കുറഞ്ഞത് കുളിക്കാൻ ഉപയോഗിക്കുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കി തീർക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാനതലത്തിൽ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർമാനായുള്ള സാങ്കേതിക സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി 21 നദീഭാഗങ്ങളുടെയും ആക്ഷൻപ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷൻപ്ലാൻ അനുസരിച്ചുള്ള DPR സംസ്ഥാനത്തെ 41 എഞ്ചിനീയറിംഗ് കോളേജുകളും ജലസേചന വകുപ്പും ചേർന്ന് തയ്യാറാക്കി കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിയോജക മണ്ഡലം | തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പാണ്ടനാട് പഞ്ചായത്തിൽ വെള്ളൂപടവ് - പുലക്കുളം പാടശേഖരത്തിൽ വള്ളിക്കണ്ടത്തിൽ പാടി വരെ ലീഡിംഗ് ചാനലിന്റെ നിർമ്മാണം | ചെങ്ങന്നൂർ | 40.00 | എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട് |
| 2 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ മംഗലം എൽ.ഐ. സ്കീമിന്റെ കീഴിൽ ഒരു പുതിയ ലീഡിംഗ് ചാനലിന്റെ നിർമ്മാണം | ചെങ്ങന്നൂർ | 20.00 | എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട് |
| 3 | പാണ്ടനാട് പഞ്ചായത്തിലെ ആറാം വാർഡിൽ അമ്പാട്ട് പാലത്തിനു സമീപമുള്ള ഇല്ലിമല മൂഴിക്കൽ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം | ചെങ്ങന്നൂർ | 25.00 | എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട് |
| 4 | ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 6 നും 7 നും ഇടയിൽ പുത്തൻതോടിനു കുറുകെയുള്ള പാലത്തിന്റെ നിർമ്മാണം | കുട്ടനാട് | 350.00 | ഭരണാനുമതി നല്കി. സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 5 | മാന്നാർ പഞ്ചായത്തിലെ അരിയോടിച്ചാൽ കുടവെള്ളരി എ. ബി പാടശേഖരത്തിലെ ഇലമ്പനം തോടിന്റെ (പമ്പാ നദിയുടെ കൈവഴി) ചെളിവാരി വൃത്തിയാക്കുന്നത്. | ചെങ്ങന്നൂർ | 28.53 | 44 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | ആലപ്പുഴ ജില്ലയിലെ നൂറനാട് പഞ്ചായത്ത് എൽ.ഐ.സ്റ്റേഷൻ നമ്പർ 4 മുതൽ കല്ലുകുളം വരെ ലീഡിംഗ് ചാനലിന്റെ നിർമ്മാണം | മാവേലിക്കര | 20.00 | 25 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | ചെങ്ങന്നൂർ അസംബ്ലി മണ്ഡലത്തിലെ പാണ്ടനാട് പഞ്ചായത്തിൽ വെള്ളൂപടവ്-പുലക്കുളം പാടശേഖരത്തിന്റെ എൽ.ഐ.സ്റ്റേഷനിലേക്കുള്ള ലീഡിംഗ്ചാനലിന്റെ പുനരുദ്ധാരണം | ചെങ്ങന്നൂർ | 17.78 | 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 18 ലെ ഒൻപതാം ബ്ലോക്ക് പാടശേഖരത്തിലെ മോട്ടോർ ഷെഡിന് സമീപത്തുള്ള തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം. | മാവേലിക്കര | 3.73 | എഗ്രിമെന്റ് വച്ച് കരാറുകാരന് സൈറ്റ് ഹാന്റോവർ ചെയ്തു. |
| 9 | ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 13 ലെ കോടോലിൽ കൾവെർട്ട് മുതൽ കീമത്ത് പടി തോട് വരെ സംരക്ഷണഭിത്തി നിർമ്മാണം. | മാവേലിക്കര | 8.00 | 71 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 17 ലെ വാര്യത്ത് തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം | മാവേലിക്കര | 7.50 | 58 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 11 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഇല്ലിമല മൂഴിക്കൽ തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണവും ചെളിവാരി വൃത്തിയാക്കലും | ചെങ്ങന്നൂർ | 34.99 | 5 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 12 | മാന്നാർ പഞ്ചായത്തിലെ പാവുക്കര പടിഞ്ഞാറ് എൽ.ഐ സ്റ്റേഷൻ ലീഡിംഗ് ചാനലിന്റെ പുനരുദ്ധാരണവും നീളം കൂട്ടലും | ചെങ്ങന്നൂർ | 13.36 | 67 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |

## അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിയോജക മണ്ഡലം | തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പാണ്ടനാട് പഞ്ചായത്തിൽ വെള്ളൂപടവ് - പുലക്കുളം പാടശേഖരത്തിൽ വള്ളിക്കണ്ടത്തിൽ പാടി വരെ ലീഡിംഗ് ചാനലിന്റെ നിർമ്മാണം | ചെങ്ങന്നൂർ | **40.00** | എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട് |
| 2 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ മംഗലം എൽ.ഐ. സ്കീമിന്റെ കീഴിൽ ഒരു പുതിയ ലീഡിംഗ് ചാനലിന്റെ നിർമ്മാണം | ചെങ്ങന്നൂർ | **20.00** | എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട് |
| 3 | പാണ്ടനാട് പഞ്ചായത്തിലെ ആറാം വാർഡിൽ അമ്പാട്ട് പാലത്തിനു സമീപമുള്ള ഇല്ലിമല മൂഴിക്കൽ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം | ചെങ്ങന്നൂർ | **25.00** | എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട് |
| 4 | ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 6 നും 7 നും ഇടയിൽ പുത്തൻതോടിനു കുറുകെയുള്ള പാലത്തിന്റെ നിർമ്മാണം | കുട്ടനാട് | 350.00 | ഭരണാനുമതി നല്കി. സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 5 | മാന്നാർ പഞ്ചായത്തിലെ അരിയോടിച്ചാൽ കുടവെള്ളരി എ. ബി പാടശേഖരത്തിലെ ഇലമ്പാനം തോടിന്റെ (പമ്പാ നദിയുടെ കൈവഴി) ചെളിവാരി വൃത്തിയാക്കുന്നത്. | ചെങ്ങന്നൂർ | 28.53 | 44 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | ആലപ്പുഴ ജില്ലയിലെ നൂറനാട് പഞ്ചായത്ത് എൽ.ഐ.സ്റ്റേഷൻ നമ്പർ 4 മുതൽ കല്ലുകുളം വരെ ലീഡിംഗ് ചാനലിന്റെ നിർമ്മാണം | മാവേലിക്കര | 20.00 | 25 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | ചെങ്ങന്നൂർ അസംബ്ലി മണ്ഡലത്തിലെ പാണ്ടനാട് പഞ്ചായത്തിൽ വെള്ളൂപടവ്-പുലക്കുളം പാടശേഖരത്തിന്റെ എൽ.ഐ.സ്റ്റേഷനിലേക്കുള്ള ലീഡിംഗ്ചാനലിന്റെ പുനരുദ്ധാരണം | ചെങ്ങന്നൂർ | 17.78 | 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 18 ലെ ഒൻപതാം ബ്ലോക്ക് പാടശേഖരത്തിലെ മോട്ടോർ ഷെഡിന് സമീപത്തുള്ള തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം. | മാവേലിക്കര | 3.73 | എഗ്രിമെന്റ് വച്ച് കരാറുകാരന് സൈറ്റ് ഹാന്റോവർ ചെയ്തു. |
| 9 | ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 13 ലെ കോടോലിൽ കൾവെർട്ട് മുതൽ കീമത്ത് പടി തോട് വരെ സംരക്ഷണഭിത്തി നിർമ്മാണം. | മാവേലിക്കര | 8.00 | 71 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 17 ലെ വാര്യത്ത് തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം | മാവേലിക്കര | 7.50 | 58 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 11 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഇല്ലിമല മൂഴിക്കൽ തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണവും ചെളിവാരി വൃത്തിയാക്കലും | ചെങ്ങന്നൂർ | 34.99 | 5 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 12 | മാന്നാർ പഞ്ചായത്തിലെ പാവുക്കര പടിഞ്ഞാറ് എൽ.ഐ സ്റ്റേഷൻ ലീഡിംഗ് ചാനലിന്റെ പുനരുദ്ധാരണവും നീളം കൂട്ടലും | ചെങ്ങന്നൂർ | 13.36 | 67 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |